# വിപശ്യനാ പത്രിക

*സയാജി ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 5, No. 1 : ജനവരി 2012**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

***ധർമ്മ വാണി***

*യഥാ ദണ്ഡേന ഗോപാലോ,*
*ഗാവോ പാജേതി ഗോചരം.*
*ഏവം ജരാ ച മച്ചു ച,*
*ആയും പാജേന്തി പാണിനം.*

ഗോപാലൻ വടികൊണ്ട് ഗോക്കളെ
മേയ്ക്കുവാൻ നയിക്കുന്നതുപോലെ,
വാർദ്ധക്യവും മൃത്യുവും ആയിസ്സിനെ
നയിച്ചുകൊണ്ടു പോകുന്നു..

— **ഖുദ്ദക നികായ, ധമ്മപദപാളി,** (വീ.ആർ.ഐ. 1.30)

# ധർമ്മം ആനുഭൂതി അടിസ്ഥാനത്തിൽ മനസ്സിലാക്കണം

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 24 ാം ഭാഗം)*

ധർമ്മം, ധർമ്മമാണ്. വിശ്വത്തിന്റെ വ്യവസ്ഥയെ ധർമ്മമെന്ന് വിളിക്കുന്നു. പ്രകൃതിയുടെ നിയമത്തെ ധർമ്മമെന്നു വിളിക്കുന്നു. ഋതുവിനെ ധർമ്മമെന്നു വിളിക്കുന്നു. നിസർഗ്ഗത്തിന്റെ നിയമങ്ങളെ ധർമ്മമെന്നു വിളിക്കുന്നു. ധർമ്മം ഒരിക്കലും ഹിന്ദുക്കളുടെയല്ല, ബൗദ്ധൻമാരുടെയല്ല, ജൈനൻമാരുടെയല്ല, ക്രസ്ത്യൻമാരുടെയല്ല, മുസ്ലീം ങ്ങളുടെയല്ല. ധർമ്മം എല്ലാവരുടെയുമാണ്. പ്രകൃതിയുടെ നിയമം എല്ലാവരിലും ബാധകമാണ്. വിശ്വത്തിന്റെ വ്യവസ്ഥ എല്ലാവർക്കും ബാധകമാണ്. ഈ സർവ്വവ്യാപിയായ ധർമ്മത്തെ മനസ്സിലാക്കണം. ഈ സർവ്വവ്യാപിയായ ധർമ്മത്തെ അനുഭൂതിയുടെ അടിസ്ഥാനത്തിൽ അറിഞ്ഞാൽ വളരെ നന്മ യുണ്ടാകും – നമ്മൾ ധർമ്മചക്രം ചലിപ്പിക്കാൻ പഠിച്ചു. ദുഖചക്രത്തിൽ നിന്നും വെളിയിൽ വരാൻ പഠിച്ചു. മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിൽ ഭവചക്രം തന്നെയാണ് ചലിക്കുന്നത്. ദുഖചക്രം തന്നെയാണ് ചലിക്കുന്നത്. തന്നെ ഹിന്ദു എന്നു വിളിച്ചു നടന്നാലും, ബൗദ്ധനെന്നു വിളിച്ചു നടന്നാലും, ജൈനനെന്ന് വിളിച്ചു നടന്നാലും, മുസ്ലീമെന്നു വിളിച്ചു നടന്നാലും – തന്നെ ഏതു പേര് വേണമെങ്കിലും വിളിക്കാം പക്ഷെ ഉള്ളിലെ ബോധം ഉണരണം. ഏതൊരു സംവേദനകൾ ഉണരുന്നുവോ അവയെപ്പറ്റി – എവിടെയാണ് ഉണരുന്നത് എന്നതുതന്നെ അറിയുന്നില്ല, എങ്ങനെയാണ് ഉണരുന്നത് എന്നുതന്നെ അറിയുന്നില്ല. ആ സംവേദനകളോട് രാഗവും ഉണരുകയാണ്, ദ്വേഷവും ഉണരുകയാണ് – കൂടാതെ നമ്മൾ ഉള്ളിൽ രാഗം ഉണർത്തിക്കൊണ്ട് പോകുകയാണ്, ഇതിന്റെ ബോധം തന്നെയില്ല. ഉള്ളിൽ ദ്വേഷം ഉണർത്തിക്കൊണ്ടു പോകുകയാണ്, ബോധം തന്നെയില്ലെങ്കിൽ ദുഖചക്രം തന്നെയല്ലെ നടക്കുന്നത്. ഭവചക്രം തന്നെയല്ലെ നടക്കുന്നത്. പുറത്തു വന്നില്ലല്ലൊ? ഉള്ളിൽ ഈ ബോധം ഉണർന്നാൽ, ധർമ്മത്തിന്റെ ഈ ബോധം ഉണർന്നാൽ നന്മയായി. കേവലം ബുദ്ധിയുടെ തലത്തിൽ കാര്യത്തെ മനസ്സിലാക്കുന്നതുകൊണ്ട് മാത്രം ഒരു വ്യക്തി മുക്തനാകില്ല. അനുഭൂതികളാൽ അറിയണം. ഈ സംവേദനയുടെ തലത്തിൽ അനുഭവിച്ചറിയണം. ദർശനത്താൽ അറിയണം.

ഉള്ളിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്, ഇതിനെ അനുഭൂതികളാൽ അറിഞ്ഞ് അറിഞ്ഞ് – ആദ്യം മുഴുവൻ ഭവചക്രവും മനസ്സിലാകണം – എങ്ങനെയാണ് ഭവചക്രം നടക്കുന്നത്? എങ്ങനെ യാണ് ദുഖചക്രം നടക്കുന്നത്? സംവേദനകൾ ഉണർന്നുകൊണ്ടിരിക്കുകയാണ്, എന്നാൽ അവയൊട് നമ്മൾ രാഗം ജനിപ്പിക്കുകയാണ്. സംവേദനകൾ ഉണരുകയാണ്, നമ്മൾ ദ്വേഷം ജനിപ്പിക്കുകയാണ് – അപ്പോൾ ദുഖചക്രം തന്നെ ദുഖചക്രം, ഭവചക്രം തന്നെ ഭവചക്രം. അതിനെ തടഞ്ഞു നിറുത്തേണ്ടതുണ്ട്. എങ്ങനെ നിർത്തും?

സംവേദനകളാകട്ടെ പ്രകടമാവുകതന്നെ ചെയ്യും. ദുഖകരമായതും ഉണരും, സുഖകരമായതും ഉണരും. പ്രകടമായിക്കൊണ്ടിരിക്കുകയാണ്. കൂടാതെ നമ്മൾ അറിഞ്ഞുകൊണ്ടിരിക്കുകയാണ് – രാഗം ഉണർത്തുന്നില്ല, ദ്വേഷം ഉണർത്തുന്നില്ല. മതി, വഴി ലഭിച്ചു. മുക്തിയുടെ വഴി ലഭിച്ചു. അന്തർമനസ്സിന്റെ ആഴങ്ങളിൽ ഏതൊരു സ്വഭാവക്കുരുക്ക് ഉണ്ടൊ – വീണ്ടും വീണ്ടും ആ സ്വഭാവം മൂലം രാഗം ഉണർത്തിക്കൊണ്ടുപോകുകയും, ദ്വേഷം ഉണർത്തി ക്കൊണ്ടുപോകുകയും ചെയ്തിരുന്നു – എപ്പോൾ നോക്കിയാലും രാഗരഞ്ജിതം, ദ്വേഷദൂഷിതം, മോഹവിമൂഢിതം – ഇപ്പോൾ അതിനെ മനസ്സിലാക്കുകയാണ്.

രാഗവിഹീനത, ദ്വേഷവിഹീനത, മോഹ വിഹീനത അല്പാല്പമെങ്കിലും തുടങ്ങി. അങ്ങനെ തുടങ്ങി തുടങ്ങി ഒരു അവസ്ഥ വരും – ഇപ്പോൾ വന്നു അല്ലെങ്കിൽ എപ്പോൾ വന്നാലും, വഴിയിൽ നടക്കുകയാണ്. വഴി വളരെ ദീർഘമാണ് എന്നാൽ ദീർഘത്തിൽ ദീർഘമായ വഴിയുടെ യാത്ര ആദ്യചുവടുമുതലാണ് തുടങ്ങുന്നത്.

പതിനായിരം മൈലിന്റെ യാത്രയും ആദ്യ ചുവടുമുതലാണ് തുടങ്ങുക. ആര് ഒരിക്കലും ആദ്യ ചുവട് തന്നെ എടുത്തില്ലയോ അവനിൽ നിന്ന് അന്തിമ ലക്ഷ്യം വരെ എത്തിച്ചേരുമെന്ന് എങ്ങനെ ആശിക്കാം? ആര് ആദ്യ ചുവട് എടുത്തുവോ, രണ്ടാമത്തേയും എടുക്കും, മൂന്നാമത്തേയും എടുക്കും, നാലാമത്തേയും എടുക്കും – എന്ന് ആശിക്കാവുന്നതാണ്. ഇപ്രകാരം ചുവട് ചുവട് നടന്നു കൊണ്ട് ലക്ഷ്യത്തിനു സമീപം എത്തിച്ചേർന്നുകൊണ്ടിരിക്കുകയാണ്. എത്തിച്ചേരുക തന്നെ ചെയ്യും എന്നിട്ട് ആ അവസ്ഥ പ്രാപ്തമാകും – അവിടെ **'വിസങ്കാര ഗതം ചിത്തം തണ്ഹാനം ഖയമജ്ഝഗ'** – ചിത്തം മുഴുവൻ ഭവ സംസ്കാരങ്ങളിൽ നിന്നും മുക്തമായി കൂടാതെ പുതിയ തൃഷ്ണ ഉണരാനെ സാധിക്കില്ല. മനസ്സ് ഇത്ര നിർമ്മലമായി, നിർവികാരമായി. അപ്പോൾ സ്വഭാവം തന്നെ മറിഞ്ഞു പോയി, വികാരങ്ങളുടെ വേരുകൾ തന്നെ പുറത്തു വന്നു. അപ്പോൾ പുതിയ സംസ്കാരം ജനിക്കുന്നില്ല, പഴയത് മുഴുവൻ സമാപ്തമായി, മുക്തനായി. സമയമെടുക്കും. കാര്യം മനസ്സിലായി, അതായത് ഏതൊരു വ്യക്തിക്കും ചുവടു ചുവടോടെ മുന്നോട്ടു പോകാം – എത്ര എത്ര മുന്നേറിയൊ, അത്ര അത്ര ദുഖത്തിൽ നിന്നും മുക്തനായി, അത്ര അത്ര വികാരമുക്തനായി. ഒരു വഴി ലഭിച്ചു. ഇപ്പോൾ ഈ ലോകവും നന്നായി, കൂടാതെ താനെ പരലോകവും നന്നാകും. എന്നാൽ വഴി കേവലം ബുദ്ധിയുടെ തലത്തിൽ മനസ്സിലാക്കിയിരുന്നാൽ, അനുഭൂതിയിൽ വന്നി ല്ലെങ്കിൽ, സഞ്ചരിക്കലായില്ല. കേവലം ബുദ്ധി അറിഞ്ഞു – വഴി ഇത്തരത്തിലാണ്, ഭവചക്രം ഇത്തരത്തിലാണ് കൂടാതെ അതിനെ മുറിക്കുന്നത് ഇങ്ങനെയാണ്. ധർമ്മചക്രം ഇത്തരത്തിലാണ്. അങ്ങനെ ബുദ്ധിക്ക് സന്തോഷമായി, ബുദ്ധി കൊണ്ടുള്ള കളിയായി, ബുദ്ധിവിലാസമായി. അതിൽ നിന്ന് എന്തു ലഭിക്കാനാണ്? അനുഭൂതിയിൽ വരണം. ആ വഴിയിൽ നടക്കാൻ തുടങ്ങണം. വളരെ നന്മ, വളരെ നന്മയുണ്ടാകും എപ്പോൾ വഴി അറിയുന്നതു തന്നെയില്ലയൊ, മറന്നുപോയോ അപ്പോൾ ധർമ്മം കേവലം ശബ്ദങ്ങളിൽ മാത്രം അവശേഷിക്കുന്നു, അപ്പോൾ ആരെങ്കിലും നടക്കുന്നതെങ്ങനെ?

ഒരു വ്യക്തി അനേക ജന്മങ്ങളായി സ്വന്തം സദ്ഗുണങ്ങൾ പരിപൂർണ്ണമാക്കി ആക്കി – ആ ദിനങ്ങളിലെ ഭാഷയിൽ പറഞ്ഞിരുന്നു, സ്വന്തം പാരമിതകൾ പരിപൂർണ്ണം ആക്കി ആക്കി ആ അവസ്ഥയിൽ എത്തിച്ചേർന്നു – ഇപ്പോൾ ഈ ജന്മത്തിൽ അദ്ദേഹത്തിന് സമ്യക്സംബോധി പ്രാപ്തമാകുന്നതാണ്. അനേക ജന്മങ്ങളായി ബോധിസത്വത്തിന്റെ ജിവിതം ജീവിച്ചുകൊണ്ടിരിന്നു – ഇപ്പോൾ ഇത് അന്തിമമായ ജന്മമാണ് സമ്യക്സംബുദ്ധൻ ആയിത്തീരും. മുക്തനായി ത്തീരും. എങ്ങനെ സമ്യക്സംബുദ്ധനായിത്തീരും? വഴി മുൻപ് ആർക്കും അറിയില്ലായിരുന്നു, ജനങ്ങൾ മറന്നുപോയി. വഴിയാകട്ടെ വളരെ പഴയത്, എന്നാൽ മറന്നുപോയി. അതിനെ അന്വേഷിച്ചു കണ്ടുപിടിക്കുന്നു. അപ്പോൾ പറയുന്നു 'പുബ്ബെ അനനുസുത്തേസു', മുൻപ് ഒരിക്കലും കേട്ടിട്ടേ ഇല്ല. അയ്യോ മുൻപ് ഒരിക്കലും കേട്ടിട്ടേ ഇല്ല. 'പുബ്ബെ അനനുസുത്തേസു ധമ്മേസു ചക്ഖും ഉദ്പാദി', ആ ധർമ്മത്തിൽ, ആ പ്രകൃതിയുടെ നിയമത്തിൽ, ആ വ്യവസ്ഥയിൽ എന്റെ പ്രജ്ഞയുടെ കണ്ണ് തുറന്നു; ജ്ഞാനത്തിന്റെ കണ്ണ് തുറന്നു; വിദ്യയുടെ കണ്ണ് തുറന്നു. മുഴുവൻ കാര്യങ്ങളും മനസ്സിലായി സ്വന്തം മംഗളം നേടി, മറ്റുള്ളവരുടെ മംഗളത്തിൽ ഏർപ്പെട്ടു. വഴി ലഭിക്കേണ്ടതുണ്ട്. വഴി തന്നെ ലഭിച്ചിട്ടില്ലെങ്കിൽ അലഞ്ഞുകൊണ്ടിരിക്കും. കേവലം പാരായണം ആയിരിക്കും. പാരായണമാകട്ടെ ആ സമയത്തും ഉണ്ടായിരുന്നു. രാജകുമാരനായിരുന്നു. രാജാവ് ദേശത്തിലെ വലിയ വലിയ വിദ്വാൻമാരെ വിളിച്ചുകൊണ്ട്, വലിയ വലിയ തത്വചിന്തകരെ വിളിച്ചുകൊണ്ട് – ആ സമയത്തെ ഭാരതത്തിൽ എത്ര വിദ്യാഭ്യാസമുണ്ടായിരുന്നോ, അദ്ധ്യാത്മിക ശിക്ഷണ ങ്ങളുണ്ടായിരുന്നോ അതുമുഴുവൻ കൊടുത്തു എന്നിരുന്നാലും പറയുന്നു **'പുബ്ബെ അനനു സുത്തേസു'** മുൻപ് ഒരിക്കലും കേട്ടിട്ടേയില്ല, അത്തരം ധർമ്മത്തിന്റെ ചക്ഷു തുറന്നു. അപ്പോൾ ഋഗ്വേദത്തിലും വിപശ്യന വന്നിട്ടുണ്ടല്ലോ, അത് കേട്ടിട്ടുണ്ടാകാം.

**യോ വിശ്വാഭി വിപശ്യതി ഭുവനാ സഞ്ച പശ്യതി സനഃ പാർഷദതി ദ്വിഷ:**

ഋഗ്വേദത്തിന്റെ ഋഷി പറയുകയാണ് – 'യോ വിശ്വാഭി വിപശ്യതി ഭുവനാ' ഏതൊരാൾ വിപശ്യന ചെയ്യുന്നുവോ, സത്യത്തിനഭിമുഖമായി, വിശ്വത്തിന് അഭിമുഖമായി വിപശ്യന ചെയ്യുകയാണ് 'വിശ്വ' ത്തിന്റെ അർത്ഥം എന്താണ്? ഏതൊന്ന് വർദ്ധിച്ചുകൊണ്ടിരിക്കുകയാണോ അത്. ഉള്ളിൽ ഒരു വികാരം ഉണർന്നു, അതിന്റെ വിശദീകരണം ആകാൻ തുടങ്ങി, വർദ്ധിച്ചുകൊണ്ടേ പോകുന്നു, വർദ്ധിച്ചു കൊണ്ടേപോകുന്നു. ആ വർദ്ധനം നടന്നുക്കൊണ്ടിരിക്കുകയാണ്. അതിനെ ആ ദിനങ്ങളിലെ ഭാക്ഷയിൽ 'വിശ്വം' എന്നു വിളിച്ചിരുന്നു. വിശ്വദി – സ്വന്തം ഉള്ളിൽ ഏതൊരു സംവർദ്ധനം നടന്നുകൊണ്ടിരിക്കുകയാണോ, അതിന് അഭിമുഖമായിക്കൊണ്ട് ഏതൊരാൾ വർത്തമാനസമയത്തിന്റെ സത്യത്തെ ദൃഷ്ടാ ഭാവത്തിൽ നോക്കിക്കൊണ്ടിരിക്കുന്നുവൊ, അതായത് വിപശ്യന ചെയ്യുകയാണൊ 'സഞ്ച പശ്യതി' സമ്യക് രൂപത്തിൽ ചെയ്യുന്നു – സമ്യക് രൂപത്തിൽ എന്നാൽ ഭോഗ ഭാവത്തിലല്ല, നേരെ മറിച്ച് ദൃഷ്ടാ ഭാവം, സാക്ഷി ഭാവം, നിഷ്പക്ഷ ഭാവത്തിൽ. 'സന: പാർഷഭതി ദ്വിഷ:' അവൻ മുഴുവൻ ദ്വേഷങ്ങളിൽ നിന്നും പുറത്തു വരുന്നു. അവന്റെ പക്കൽ ദ്വേഷം അവശേഷിക്കില്ല, രാഗം അവശേഷിക്കില്ല, വികാരം അവശേഷിക്കില്ല.

സഹോദരാ, ഇത് പാഠം തന്നെയല്ലെ! കൂടാതെ തീർച്ചയായും കേട്ടിട്ടുമുണ്ടായിരിക്കാം എന്നാൽ ഇതിന്റെ അഭ്യാസം വിട്ടു പോയി. എങ്ങനെ ചെയ്യും? വിപശ്യനയുടെ പ്രശംസ ചെയ്യും എന്നാൽ എങ്ങനെ ചെയ്യണം? അതറിയില്ല. 2500–2600 വർഷം മുൻപുള്ള ഭാരതത്തിൽ ഈ വിദ്യ തീർത്തും ലുപ്തമായിരുന്നു. ഇപ്പോൾ അന്വേഷിച്ച് അന്വേഷിച്ച് വിഭിന്ന പ്രകാരത്തിലുള്ള സാധനകൾ ചെയ്ത് ചെയ്ത് ഇതിനെ അന്വേഷിച്ചു കണ്ടെത്തി. അപ്പോൾ

സ്വന്തം പൂർവ്വ ജന്മങ്ങളെ കാണുന്നു, ഭൂതകാലത്തെ കണ്ടുകൊണ്ട് പറയുകയാണ് അയ്യോ, **'പൊരാണൊ മഗ്ഗൊ'**, വളരെ പുരാതനമായ മാർഗ്ഗമാണ്! **'ഏസ മഗ്ഗൊ സനന്തനൊ'.** ജനങ്ങൾ നടക്കുന്നത് നിർത്തിയാൽ മാർഗ്ഗം ലുപ്തമായിത്തീരുന്നു. ഇപ്പോൾ വീണ്ടും ഉണർന്നിരിക്കുകയാണ്, അതിനാൽ സ്വന്തം നന്മയുണ്ടായി, ജനങ്ങൾക്ക് നന്മയുണ്ടാകാൻ തുടങ്ങി. നടന്നാലല്ലെ നന്മയുണ്ടാകുകയുള്ളു. എല്ലാ പരമ്പരകളിലും വിപശ്യന അടങ്ങിയിട്ടുണ്ട്. ഇത് ഭാരത്തിന്റെ വളരെ മഹത്വപൂർണ്ണമായ അദ്ധ്യാത്മികതയാണ്. എല്ലാറ്റിലും അടങ്ങിയിട്ടുണ്ട്. എന്നാൽ എങ്ങനെ ചെയ്യും? ചെയ്യാൻ മറന്നുപോയി.

സ്വന്തം കാര്യം പറയട്ടെ – വളരെ കടുത്ത ഹിന്ദുപരമ്പരയുടെ വീട്ടിലാണ് ജനിച്ചതും വളർന്നതും. കുട്ടിക്കാലം മുതൽ തന്നെ ഗീതയുടെ പാരായണം ചെയ്തുകൊണ്ടുവന്നു. പാരായണം ചെയ്തുകൊണ്ടു വന്നു എന്നാൽ ഒരിക്കലും മനസ്സിലാക്കാൻ ശ്രമിച്ചില്ല. കൂടാതെ ശരിയായ തരത്തിലാകട്ടെ മനസ്സിലാക്കാനേ സാധിച്ചില്ല. എങ്ങനെ മനസ്സിലാക്കും? വിപശ്യനയിലൂടെ കടന്നുപോയപ്പോൾ വളരെയേറെ കാര്യങ്ങൾ ഇത്ര വ്യക്തമായി മനസ്സിലാകാൻ തുടങ്ങി. ഗീതയുടെ ഒരു ശ്ലോകം, അതിനെ മുൻപ് എത്രയോ പ്രാവശ്യം പാരായണം ചെയ്തു വന്നു, വിപശ്യനക്കു ശേഷം കാര്യം മനസ്സിലായി, ഗാഥാ പറയുന്നു,

'ഉത്ക്രാമന്തം സ്ഥിതം വാപി, ഭുഞ്ജാനം വാ ഗുണാന്വിതം

വിമൂഢാ നാനു പശ്യന്തി, പശ്യന്തി ജ്ഞാന ചക്ഷുഷ:

'വിമൂഢാ നാനു പശ്യന്തി' ആര് മൂഢനാണോ അവന് വിപശ്യന ചെയ്യാൻ കഴിയില്ല. ആരുടെ ജ്ഞാന ദൃഷ്ടി തുറന്നുവോ അവനെ ചെയ്യാൻ കഴിയുകയുള്ളു, അതായത് ഉള്ളിലെ സത്യത്തെ കാണുന്നതിനുള്ള ശക്തി അവന് ലഭിച്ചു. വിപശ്യന ചെയ്യുകയാണെങ്കിൽ ഉള്ളിലെ ജ്ഞാനചക്ഷു തുറക്കുന്നു. ജ്ഞാനചക്ഷു തുറന്നാൽ കൂടുതൽ ആഴത്തിൽ വിപശ്യന ചെയ്യുന്നു. വീണ്ടും ആഴത്തിൽ വിപശ്യന ചെയ്യുകയാണെങ്കിൽ കൂടുതൽ ആഴത്തിൽ ജ്ഞാനദൃഷ്ടി തുറക്കുന്നു. അപ്പോൾ എല്ലാ കാര്യങ്ങളും മനസ്സിലാകാൻ തുടങ്ങുന്നു. ഇതേ ശബ്ദങ്ങളുടെ അർത്ഥം കാലക്രമേണ മാറി പ്പോകുന്നുണ്ട്. **'ഉത്ക്രാമന്തം'** ഉണർന്നു നിന്നു. എന്താണ് ഉണർന്നുനിന്നത്?

കാതിന്റെ ദ്വാരത്തിൽ, അല്ലെങ്കിൽ കണ്ണിന്റെ ദ്വാരത്തിൽ, മൂക്കിന്റെ ദ്വാരത്തിൽ, നാവിന്റെ ദ്വാരത്തിൽ, ത്വക്കിന്റെ ദ്വാരത്തിൽ, മനസ്സിന്റെ ദ്വാരത്തിൽ – ഈ ആറ് ദ്വാരത്തിൽ നിന്ന് ഏതെങ്കിലും ദ്വാരത്തിൽ അനക്കമുണ്ടായി, അതിന്റെ സ്വന്തം വിഷയം കൂട്ടിമുട്ടി സ്പർശമുണ്ടായപ്പോൾ മനസ്സിന്റെ ഈ ഭാഗം സ്വന്തം തല ഉയർത്തുന്നു – എന്തെങ്കിലും സംഭവിച്ചോ? അതിനെ പറഞ്ഞു 'ഉത്ക്രാമന്തം'. ഇത്രയുമായപ്പോൾ മനസ്സിന്റെ അടുത്ത ഭാഗം **'സ്ഥിതം'** നിന്നു കൊണ്ട് ഓർമ്മിക്കുകയാണ്, ഇങ്ങനെ മുൻപ് ഉണ്ടായിട്ടുണ്ടൊ – അപ്പോൾ ഇത് ശബ്ദമാണെങ്കിൽ ഇത് എന്ത് ശബ്ദമാണ്? ഇത് രൂപമാണെങ്കിൽ എന്ത് രൂപമാണ്? ഇത് നിറമാണെങ്കിൽ എന്ത് നിറമാണ്? ഇത് ഗന്ധമാണെങ്കിൽ എന്ത് ഗന്ധമാണ്? ഇത് സ്വാദാ ണെങ്കിൽ എന്ത് സ്വാദാണ്? ഇത് സ്പർശമാണെങ്കിൽ എന്ത് സ്പർശമാണ്? ഇത് ചിന്തയാണെങ്കിൽ എത്തരം ചിന്തയാണ്? അതിനെ ഓർമ്മിക്കുന്നു. അതിന്റെ മൂല്യനിർണ്ണയം ചെയ്യുകയാണെങ്കിൽ 'സ്ഥിതം'. കൂടാതെ മൂല്യനിർണ്ണയം ചെയ്യുകയാണെങ്കിൽ – നല്ലത് എന്ന് പറയുകയാണെങ്കിൽ ശരീരത്തിൽ സുഖകരമായ സംവേദനകൾ അനുഭവമാകാൻ തുടങ്ങി. അത് വളരെ ചീത്തയാണ് എന്ന് മൂല്യനിർണ്ണയം ചെയ്തപ്പോൾ ദുഖകരമായ സംവേദനകൾ ശരീരത്തിൽ അനുഭവിക്കാൻ തുടങ്ങി. കൂടാതെ മനസ്സിന്റെ ഭോക്താ ഭാവത്തിന്റെ ജീവിതം ജീവിക്കുന്ന ആ ഭാഗം, ആസ്വാദിക്കാൻ തുടങ്ങി. സുഖസംവേദന നടന്നു തുടങ്ങിയപ്പോൾ സുഖം അനുഭവിക്കാൻ തുടങ്ങി – **'ഭുഞ്ജാനം, ഭുഞ്ജാനം'.** ദുഖകരമായ സംവേദന നടന്നു തുടങ്ങിയപ്പോൾ അതിന്റെ ദുഖം അനുഭവിക്കാൻ തുടങ്ങി – **'ഭുഞ്ജാനം, ഭുഞ്ജാനം'.** ഭോക്താ ഭാവം തന്നെ ഭോക്താ ഭാവം; ഭോക്താ ഭാവം തന്നെ ഭോക്താ ഭാവം. ഭുഞ്ജാനം ആയി–ആയി **'ഗുണാന്വിതം, ഗുണാന്വിതം'**, കെട്ടുകൾ കെട്ടാൻ തുടങ്ങി, ബന്ധനം ബന്ധിക്കാൻ തുടങ്ങി.

ഓരോ പ്രാവശ്യവും ആര് അനുഭവി ക്കുന്നുവോ – സുഖകരമായ അനുഭൂതിയെ അനുഭവിച്ചുകൊണ്ട് രാഗം ഉണർത്തുന്നു, ദുഖകരമായ അനുഭൂതിയെ അനുഭവിച്ചുകൊണ്ട് ദ്വേഷം ഉണർത്തുന്നു. അപ്പോൾ രാഗം ഉണർത്തുന്നു അല്ലെങ്കിൽ ദ്വേഷം ഉണർത്തുന്നു. രാഗം ഉണർത്തുന്നു അല്ലെങ്കിൽ ദ്വേഷം ഉണർത്തുന്നു. അപ്പോൾ ബന്ധനങ്ങൾ തന്നെ ബന്ധനങ്ങൾ, ബന്ധനങ്ങൽ തന്നെ ബന്ധനങ്ങൾ. ഉള്ളിൽ എത്ര കെട്ടുപിണഞ്ഞതായി, മുഴുവൻ മനസ്സും എത്ര കെട്ടുപിണഞ്ഞതായി. അപ്പോൾ ദുഖം തന്നെ ദുഖം, വേദനകൾ തന്നെ വേദനകൾ.

സഹോദര ഈ കാര്യം, കേവലം പാരായണം ചെയ്താൽ എങ്ങനെ പ്രാപ്തമാകും? കേവലം പാരായണം ചെയ്തുകൊണ്ടിരുന്നാൽ എന്തു മനസ്സിലാകും? നല്ലത്, മനസ്സിലാകുകയും ചെയ്തു. ഈ വ്യാഖ്യാനം ആരെങ്കിലും കേട്ടു – നല്ലത്, ഇപ്രകാരമാണ് ആകുന്നത്. ഈ മനസ്സ് ഇപ്രകാരമാണ് ജോലി ചെയ്യുന്നത്. അറിയുന്ന ഭാഗം അറിയുന്നു. തിരിച്ചറിയുന്നത് തിരിച്ചറിഞ്ഞ് മൂല്യനിർണ്ണയം ചെയ്യുന്നു. അനുഭവം ചെയ്യുന്നത് അനുഭവം ചെയ്യുന്നു. പ്രതിക്രിയ ചെയ്യുന്നത് പ്രതിക്രിയ ചെയ്യുന്നു. അറിഞ്ഞു. എന്തു പറ്റി? ഉള്ളിലാകട്ടെ അതേപ്രകാരത്തിലാണ് മുഴുവൻ ജോലിയും ചെയ്തുകൊണ്ടിരിക്കുന്നത്. അപ്പോൾ എന്തുപ്പറ്റി? അതിൽ നിന്ന് എന്തു ലഭിച്ചു? ആ സ്വഭാവത്തെ മറിക്കേണ്ടതുണ്ട്. ആ സ്വഭാവത്തെ മറിക്കുന്നതിന്, ഈ നാലിൽ നാലു ഭാഗങ്ങളും എങ്ങനെയാണ് ജോലി ചെയ്യുന്നത് എന്നറിയണം? പുറമെയുള്ള വിഷയങ്ങളുമായി ഇന്ദ്രിയങ്ങളുടെ സമ്പർക്കമായാൽ ഉള്ളിൽ എത്തരം സംവേദനയാണ് നടന്നത്? കൂടാതെ ആ സംവേദനയുടെ മൂല്യനിർണ്ണയം നടന്നപ്പോൾ എത്തരം പ്രതിക്രിയ നടന്നു? ഇത് എങ്ങനെ അറിയും? ഇതിനെ അറിയില്ലെങ്കിൽ ആ സ്വഭാവത്തിനു വെളിയിൽ വരാൻ സാധിക്കില്ല. അപ്പോൾ ധർമ്മം കേവലം പാരായണത്തിന്റെ വിഷയമായി അവശേഷിക്കും, എങ്ങനെ നമുക്ക് നന്മ ചെയ്യും? അതിനാൽ ആദ്യം ബുദ്ധിയുടെ തലത്തിൽ മനസ്സിലാക്കാം. പിന്നെ

അതിനനുസരിച്ച് നമ്മുടെ ജീവിതം വാർക്കാൻ തുടങ്ങാം. അപ്പോൾ ആ അവസ്ഥയിൽ എത്തിച്ചേരുകതന്നെ ചെയ്യും – **'വിസംങ്കാര ഗതം ചിത്തം തണ്ഹാനം ഖയമജ്ഝഗാ'.**

ഭഗവാൻ മഹാവീരന്റെ വാണിയെ നോക്കാം. ഇവിടെയും വിപശ്യനയുടെ കാര്യങ്ങൾ – **'ആയത ചക്‌ഖു, ലോക വിപസ്സി',** അയ്യോ, ഉള്ളിൽ ദൃഷ്ടി ലഭിച്ചു. 'ലോകം' എന്നാൽ ശരീരം. ആ ദിനങ്ങളിലെ ഭാഷയിൽ ശരീരത്തിനെ ലോകമെന്നു വിളിച്ചിരുന്നു. അതിനാൽ ശരീരത്തിൽ വിപശ്യന ചെയ്യാൻ തുടങ്ങി. ശരീരത്തിൽ സ്ഥിതമായി. ഉള്ളിൽ എന്താണ് നടക്കുന്നത് അതിനെ അറിയാൻ തുടങ്ങിയപ്പോൾ ചക്ഷു ലഭിച്ചു. **'വിമൂഢാ നാനു പശ്യന്തി, പശ്യന്തി ജ്ഞാന ചക്ഷുഷ:',** ജ്ഞാന ചക്ഷു വന്നു, കാണാൻ തുടങ്ങി, **'പുബ്ബെ അനനു സുത്തേസു ധമ്മേസു ചക്‌ഖും ഉദ്പാദി',** ചക്ഷു ഉണർന്നു. അപ്പോൾ **'ആയത് ചക്‌ഖു ലോക വിപസ്സി'**

**ലോകസ്സ് അധോ ഭാഗം ജാനയി, ഊർദ്ധ്വ ഭാഗാം ജാനയി, തിരിയം ഭാഗം ജാനയി** – ഈ മുഴുവൻ ശരീരത്തെയും അറിയുന്നു. അതിന്റെ താഴെയുള്ള ഭാഗത്തെ, മുകളിലുള്ള ഭാഗത്തെ, തിരിഞ്ഞും മറിഞ്ഞും എല്ലാ ഭാഗത്തേയും – എവിടെ എവിടെ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്. എല്ലാ വശവും അറിയുന്നുണ്ട് കൂടാതെ അറിഞ്ഞ് മനസ്സിലാക്കുന്നു. **'എഹി മച്ചെഹി'.** അയ്യോ, ഇത് മൃതമാണ്. അയ്യോ, ഇത് അനിത്യമാണ്, ഇത് നശ്വരമാണ്, ഇത് ഭംഗുരമാണ്. എന്നിട്ട് **'സന്ധിം വിദിത്താ'** സംന്ധിയെ നോക്കുന്നു. ചിത്തധാരയിൽ രാഗത്തിന്റെ സന്ധി എവിടെയുണ്ടായി? ചിത്ത ധാരയിൽ ദ്വേഷത്തിന്റെ സന്ധി എവിടെയുണ്ടായി? അതിനെ നോക്കുന്നു. നോക്കി–നോക്കി സ്വന്തം സ്വഭാവത്തെ മാറ്റുന്നു. **'എസ വീരെ പസംസിയെ, എ ബദ്ധെ പഡിമോയിയെ'** – അയാൾ വീരനായി ത്തീരുന്നു. ആര് സ്വന്തം, മുഴുവൻ ബന്ധനങ്ങളെയും തുറക്കുന്നുവോ, അവൻ പ്രശംസക്ക് യോഗ്യ നായിത്തീരുന്നു.

എങ്ങനെ തുറക്കും? പാരായണം ചെയ്ത് തുറക്കുമോ? ബുദ്ധിവിലാസം ചെയ്ത് തുറക്കുമോ? സഹോദര, ജോലി ചെയ്യേണ്ടതുണ്ട്! അന്തർ മുഖനായി അന്തർ തപസ്സ് ചെയ്യേണ്ടതുണ്ട്! ഉള്ളിലെ ജ്ഞാനചക്ഷു ഉണർത്തണം. അതായത് അനുഭൂതി യുടെ പ്രജ്ഞ ഉണർത്തണം എന്നിട്ട് നോക്കണം എവിടെയാണ് ബന്ധനം ബന്ധിച്ചുകൊണ്ടി രിക്കുന്നത്? എപ്രകാരമാണ് ബന്ധനം ബന്ധിച്ചു കൊണ്ടിരിക്കുന്നത്? ഈ സ്വഭാവത്തെ മുറിക്കണം. അപ്പോൾ കാണും ബന്ധനം എങ്ങനെയാണ് തുറക്കുന്നത്? പുതിയ ബന്ധനം ബന്ധിക്കുന്നില്ല, പഴയത് തുറക്കുകയാണ്, തുറക്കുകയാണ്. ഈ ഏതൊരു രാഗമുണർത്തുന്ന സ്വഭാവമുണ്ടോ, അത് മുറിഞ്ഞുകൊണ്ടിരിക്കുകയാണ്. രാഗവിഹീന നാകുന്ന സ്വഭാവം ബലവാനായിക്കൊണ്ടിരി ക്കുകയാണ്. ദ്വേഷമുണർത്തുന്ന സ്വഭാവം മുറിഞ്ഞു കൊണ്ടിരിക്കുകയാണ്. ദ്വേഷവിഹീനനാകാനുള്ള സ്വഭാവം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഠമാഹ മുണർത്തുന്ന സ്വഭാവം മുറിഞ്ഞുകൊണ്ടി രിക്കുകയാണ്. മോഹവിഹീനനാകുന്ന സ്വഭാവം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പ്രത്യക്ഷമായി സ്വന്തം അനുഭൂതികളാൽ അറിയാം. വെറും ബുദ്ധി വിലാസം ചെയ്തുകൊണ്ടിരുന്നാൽ, വാണിവിലാസം ചെയ്തുകൊണ്ടിരുന്നാൽ കലഹം തന്നെ കലഹം. ഞങ്ങളുടെ ശാസ്ത്രം ഇതു പറയുന്നു, ഞങ്ങളുടെ പരമ്പര ഇതു പറയുന്നു. നിങ്ങളുടെ പരമ്പര ഇങ്ങനെ, ഞങ്ങളുടെ പരമ്പര അങ്ങനെ. അവസാനം ഭ്രാന്ത് വർദ്ധിപ്പിക്കും. ഞങ്ങളുടെ ധർമ്മം ഇങ്ങനെ, നിങ്ങളുടെ ധർമ്മം ഇങ്ങനെ. കലഹം തന്നെ കലഹം; കലഹം തന്നെ കലഹം. അയ്യോ സഹോദര, ധർമ്മം നിങ്ങളുടെയോ ഞങ്ങളുടെയോ അല്ല, ആര് ധാരണം ചെയ്യുന്നോ അവരുടെയാണ്. തന്നെ ഹിന്ദുവെന്നു വിളിക്കുന്നവനും ധർമ്മം ധാരണം ചെയ്യുമെങ്കിൽ ധർമ്മിഷ്ഠനായി, തന്നെ ജൈനനെന്ന് വിളിക്കുന്നവനും ധർമ്മം ധാരണം ചെയ്യുമെങ്കിൽ ധർമ്മിഷ്ഠനായി. തന്നെ മുസ്ലീമെന്നു വിളിക്കുന്നവൻ, ക്രിസ്ത്യൻ എന്നുവിളിക്കുന്നവൻ, സിഖ് എന്നു വിളിക്കുന്നവൻ, പാർസി എന്നു വിളിക്കുന്നവൻ, യഹൂദൻ എന്നു വിളിക്കുന്നവൻ, തന്നെ ഏതു പേരും വിളിക്കട്ടെ, എന്നാൽ ധർമ്മം ധാരണം ചെയ്യട്ടെ; എന്തൊണ് എല്ലാവർക്കും ബാധകമാണോ, ആ സാർവ്വജനീനമായ ധർമ്മം ധാരണം ചെയ്യട്ടെ.

**ഇങ്ങനെ ഇങ്ങനെ ആയാൽ ഈ പരിണാമം വരിക തന്നെ ചെയ്യും. ഈ പരിണാമം ആഗ്രഹിക്കുന്നില്ലെങ്കിൽ ഇങ്ങനെ ഇങ്ങനെ ആകാൻ സമ്മതിക്കരുത്.** എത്ര ശാസ്ത്രീയമായ കാര്യമാണ്! ഇതിനെ എവിടെയാണ് ദർശന തത്വശാസ്ത്രങ്ങളിൽ കുരുക്കി വച്ചത്? എവിടെയാണ് ആചാരാനുഷ്ഠാനങ്ങളിൽ കുഴച്ചു വച്ചത്? എത്ര നേരെ നേരെയുള്ള സരളമായ കാര്യമാണ്!

ഒരു ശാസ്ത്രകാരൻ നമ്മളെ മനസ്സിലാ ക്കുകയാണ് – രണ്ടു ഭാഗം ഹൈഡ്രൊജൻ, ഒരു ഭാഗം ഓക്സിജൻ, ഇത് രണ്ടും കൂടിച്ചേർന്നാൽ ബാഷ്പം തയ്യാറാകുന്നു, വെള്ളം ആയിത്തീരുന്നു. എവിടെ ഹൈഡ്രൊജനില്ലയോ, ഓക്സിജനില്ലയോ, അവിടെ ബാഷ്പം ഉണ്ടാകുകയേ ഇല്ല. ഏതൊരു ഗ്രഹത്തിൽ, ഉപഗ്രഹത്തിൽ ഒട്ടും ഓക്സിജനില്ല, ഹൈഡ്രൊജനില്ല, അല്ലെങ്കിൽ രണ്ടിന്റെയും ഉചിതമായ അനുപാതമില്ല, അവിടെ വെള്ളവുമില്ല, ബാഷ്പവുമില്ല. പ്രകൃതിയുടെ നിയമമാണ്. ഇതിൽ ഹിന്ദുത്വത്തിന്റെ കാര്യമെന്ത്, ബുദ്ധത്വത്തിന്റെ കാര്യമെന്ത്, ജൈനത്വത്തിന്റെ കാര്യമെന്ത്, മുസ്ലീമിന്റെ കാര്യമെന്ത്, ക്രിസ്ത്യന്റെ കാര്യമെന്ത്? പ്രകൃതിയുടെ നിയമമാണ്, വിശ്വത്തിന്റെ വ്യവസ്ഥയാണ്. ഇങ്ങനെ ഇങ്ങനെ ആയാൽ ഈ പരിണാമം വരും.

അപ്പോൾ സഹോദരാ, ഉള്ളിൽ അവിദ്യ തന്നെ അവിദ്യയാണ്, ബോധക്കേടുതന്നെ ബോധക്കേടാണ്. എന്താണ് നടന്നുകൊണ്ടി രിക്കുന്നത് എന്ന് അറിയുന്നതേയില്ല. എന്നിട്ട് ആ ബോധശൂന്യതയിൽ തൃഷ്ണ ഉണർത്തിക്കൊണ്ടിരി ക്കുകയാണ്. രാഗത്തിന്റെ തൃഷ്ണ ഉണർത്തി ക്കൊണ്ടിരിക്കുകയാണ്, ദ്വേഷത്തിന്റെ തൃഷ്ണ ഉണർത്തിക്കൊണ്ടിരിക്കുകയാണ് അപ്പോൾ ദുഖം തന്നെ ദുഖം. ദുഖത്തിന്റെ ഈ പരിണാമം വരികതന്നെ ചെയ്യും. ബന്ധനം തന്നെ ബന്ധനം, ദുഖം തന്നെ ദുഖം. ഉള്ളിലെ ബോധക്കേട് ദൂരികരിക്കണം – ഉള്ളിൽ എന്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നത് എന്നതിനെപ്പറ്റി ബോധം വന്നപ്പോൾ എല്ലാം തന്നെ അറിഞ്ഞു. ഉള്ളിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? എപ്രകാര ത്തിലുള്ള സംവേദനയാണ് പ്രകടമായത്?

എപ്രകാരത്തിലുള്ള അനുഭൂതിയാണുണ്ടായത്? കൂടാതെ ഈ അനുഭൂതിയുടെ കാരണത്താൽ നമ്മുടെ ഈ പ്രതിക്രിയ ചെയ്യുന്ന മാനസം എന്തു ജോലി ചെയ്യാൻ തുടങ്ങി? അതിന്റെ ആ സ്വഭാവം മുറിക്കുന്നതിന് അനിത്യബോധം ഉണർത്തുന്നു. അയ്യോ സഹോദരാ, അനിത്യമാണ്! ഫിലോസഫി യുടെ കാര്യമല്ല, അനുഭൂതിയാൽ അറിഞ്ഞു കൊണ്ടിരിക്കുകയല്ലെ – അനിത്യമാണ്, മാറി ക്കൊണ്ടിരിക്കുന്നു, മാറിക്കൊണ്ടിരിക്കുന്നു. അപ്പോൾ തന്നെത്താൻ സ്വഭാവം മറിയാൻ തുടങ്ങി. തന്നെ ഹിന്ദുവെന്നു വിളിച്ചാലും സ്വഭാവം മറിയാൻ തുടങ്ങി, ബൗദ്ധനെന്നു വിളിച്ചാലും സ്വഭാവം മറിയാൻ തുടങ്ങി. മുസ്ലീമെന്നു വിളിച്ചാലും, ക്രസ്ത്യനെന്നു വിളിച്ചാലും ഒരു വ്യത്യാസവും വരുന്നില്ല.

മനുഷ്യൻ മനുഷ്യനാണ്. ഉള്ളിലെ ബോധമില്ലെങ്കിൽ തനിക്കായി ബന്ധനം തന്നെ ബന്ധനം, ബന്ധനം തന്നെ ബന്ധനം ബന്ധിക്കുന്നു. വ്യാകുലത തന്നെ വ്യാകുലത, വ്യാകുലത തന്നെ വ്യകുലത. ഉള്ളിലെ ബോധം ഉണർന്നാൽ ബന്ധനം തുറക്കാൻ തുടങ്ങുന്നു. പുതിയ ബന്ധനം ബന്ധിക്കുന്നില്ല, പഴയത് തുറക്കുന്നു. തുറന്നു തുറന്ന് ദുഖങ്ങളുടെ പുറത്ത് പോകുന്നു. സ്വന്തം മുക്തി സ്വന്തം കൈയ്യിൽ, സ്വന്തം പരാക്രമം സ്വന്തം പുരുഷാർത്ഥം. ജോലി സ്വയം ചെയ്യേണ്ടതുണ്ട്. ആരെങ്കിലും വേണമെങ്കിൽ വഴി പറഞ്ഞു തരും. ആര് ആ വഴിയിലൂടെ നടന്നുവോ അവർ വഴി പറയും, വളരെ സ്നേഹത്തോടെ പറയും, വളരെ കരുണയോടെ പറയും. എന്നിരുന്നാലും ജോലിയാകട്ടെ സ്വയം ചെയ്യേണ്ടതുണ്ട്. കൂടാതെ ജോലി ഇതുതന്നെയാണ് എന്തെന്നാൽ സ്വന്തം ഉള്ളിലെ സത്യങ്ങളെ അറിയുക. സത്യങ്ങളെ അറിയുക. ഒരു കല്പനപോലും സമീപത്തു വരരുത്. ഒരു ദർശനവിശ്വാസവും സമീപത്തു വരരുത്. കേവലം ഏതൊന്ന് സ്വന്തം അനുഭൂതിയിൽ വന്നുകൊണ്ടിരിക്കുന്നുവോ അതിനെ അറിയുക. അതിനാൽ സന്യാസി പറയുന്നു.

'കിമ സചിയാരാ ഹോവിയെ,

കിമ കൂടെ തുട്ടെ പാല്

ഹുകും രജായി ചല്ലണാ,

നാനക് ലിഖിയാ നാല്'.

**'കിം സചിയാരാ ഹോവിയെ'** ഭാരതത്തിലെ ഈ മഹാനായ സന്യാസി ഭാരതത്തിലെ ഭാഷകൾക്ക് ഒരു പുതിയ ശബ്ദം നിർമ്മിച്ചു കൊടുത്തു. ഭാരതത്തിലെ ഭാഷകളിൽ ദുഖിയാരാ എന്ന ശബ്ദം ഉണ്ട്. ദുഖിയാരാ എന്നാൽ ആരുടെ പക്കൽ സുഖം ഒട്ടും തന്നെയില്ലയോ അവൻ. ഭാരതത്തിലെ ഭാഷകളിൽ സുഖിയാരാ ശബ്ദവും ഉണ്ട്, സുഖിയാരാ എന്നാൽ ആരുടെ പക്കൽ ദുഖം ഒട്ടും തന്നെയില്ലയോ അവൻ. ഇദ്ദേഹം ഒരു ശബ്ദം തന്നു – 'സചിയാരാ' സചിയാരാ എന്നാൽ ആരുടെ പക്കൽ ഒട്ടും തന്നെ നുണയില്ലയോ അവൻ. അപ്പോൾ നുണയും ഈ വാണിയുടെ മാത്രം നുണയല്ല, ഉള്ളിൽ ഏതൊന്നു പ്രകടമായി കൊണ്ടിരിക്കുന്നോ, ഈ സത്യഭാഗത്തിൽ യാത്ര ചെയ്യാൻ പോകുകയാണ്. അവിടെ സത്യം തന്നെ സത്യം, സത്യം തന്നെ സത്യം. അപ്പോൾ സച്ചിയാരാ. പ്രതിക്ഷണം സചിയാരാ. **'കിം കൂടെ തുട്ടെ പാല്'** – നുണയുടെ എത്ര ആവരണങ്ങളുണ്ടോ, എല്ലാം തന്നെ ദുരീകരിക്കണം. അപ്പോൾ അറിയാൻ തുടങ്ങും. **'ഹുകും' (ആജ്ഞ) എന്താണ്?** ഈ നിയമത്തിന്റെ ഈ പ്രകൃതിയുടെ അല്ലെങ്കിൽ ഇങ്ങനെ പറയാം ഈ ഈശ്വരന്റെ, ഈ അള്ളാഹുവിന്റെ നിയമം എന്താണ്? ആഗ്രഹമെന്താണ്, ആജ്ഞയെന്താണ്? ഇപ്പോൾ അതിനനുസരിച്ച് നടക്കാൻ തുടങ്ങും, നടക്കാൻ തുടങ്ങും. ഈ ആജ്ഞാ, ഈ പുസ്തകങ്ങളിൽ തിരഞ്ഞാൽ ലഭിക്കില്ല, ഈ പ്രവചനങ്ങളാൽ ലഭിക്കില്ല. ഉള്ളിൽ അന്തർമുഖിയായി നോക്കാൻ തുടങ്ങും – ഇങ്ങനെയാണ്. രാഗം ഉണർത്തുന്നത്, അദ്ദേഹം ശിഷ തരുന്നു. ദ്വേഷം ഉണർത്തുന്നത്, അദ്ദേഹം ശിക്ഷ തരുന്നത്. രാഗവിഹീനനാകുന്നു, ദ്വേഷവിഹീനനാകുന്നു അപ്പോൾ പുരസ്കാരം ലഭിക്കുന്നു. ചിത്തം നിർമ്മലമാകുന്നു, ശാന്തി ലഭിക്കുന്നു. സ്വന്തം ഉള്ളിൽ അനുഭവത്താൽ തന്നെ അറിയും എന്നിട്ട് ഇങ്ങനെ ചെയ്യാൻ തുടങ്ങും. വഴിയിൽ നടക്കാൻ തുടങ്ങിയാൽ മനസ്സിലാക്കുക, മംഗളം തന്നെ മംഗളം, നന്മ തന്നെ നന്മ, സ്വസ്തി തന്നെ സ്വസ്തി. മുക്തി തന്നെ മുക്തി, മുക്തി തന്നെ മുക്തി.


**ധമ്മ കേതന വിപസ്സന മെഡിടേഷൻ സെന്റർ,**

മാമ്പ്ര പോസ്റ്റ്, കോഡുകുളഞ്ഞി, ചെങ്ങന്നൂർ,

കേരള – 689508. Phone: (0479)2351616.

email: info@ketana.dhamma.org.

Website: http://www.ketana.dhamma.org


**ശിബിരങ്ങളുടെ സൂചിക – 2012**

**പത്തു ദിവസ ശിബിരം:** 12–23.1.2012, 2–13.2, 24.2 – 6.3(female only), 15–26.3.2012

**Contact:** കേരള വിപസ്സന സമിതി, മൈത്രി, നേരചത്തര ലേൻ, പെരന്ദൂർ റോഡ്, ഏലമക്കര പോസ്റ്റ്, കൊച്ചി–682026. Mobile: 09920034787.

……………………